(സി) 2001-2002 മുതൽ 2005-2006 വരെയുള്ള കാലയളവിൽ തിരിച്ചടച്ചിട്ടുള്ള പലിശയുടെയും മുതലിന്റെയും കണക്കുകൾ താഴെ കാണും പ്രകാരം ആണ്.

(തുക കോടിയിൽ)

വർഷം	പലിശ	മുതൽ
2001-02	2489.47	12785.26
2002-03	2946.77	17435.28
2003-04	3328.30	17470.21
2004-05	3612.54	19395.26
2005-06 (31-12-2005 വരെ)	2353.43	13338.77

യു.ഡി.എഫ്. സർക്കാർ കടമെടുത്ത തുക

9 [466] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ വിവിധ സ്ഥാപനങ്ങളിൽ നിന്ന് എന്ത് തുക വീതം കടമെടുത്തു എന്നും അവ ഓരോന്നും ഏത് കാലയളവ് മുതലാണ് തിരിച്ചടയ്ക്കേണ്ടതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

2001-02 ധനകാര്യ വർഷം മുതൽ 2003-04 ധനകാര്യ വർഷം വരെയുള്ള അക്കൗണ്ടന്റ് ജനറൽ നൽകിയ അവസാന കണക്ക് പ്രകാരവും 2004-05, 2005-06 (2006 ഡിസംബർ 31 വരെ) എന്നീ വർഷങ്ങളിലെ താത്ക്കാലിക കണക്കിന്റെയും അടിസ്ഥാനത്തിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പയുടെ വിവരം ഇപ്രകാരം ആണ്.

സ്ഥാപനം	തുക (രൂപ കോടിയിൽ)
എൽ.ഐ.സി.	2131.58
ജി.ഐ.സി.	185.9
എൻ.സി.ഡി.സി.	293.49
നബാർഡ്	543.39
എ.ഡി.ബി.	1036.50

എൽ.ഐ.സി., ജി.ഐ.സി., എൻ.സി.ഡി.സി. എന്നീ സ്ഥാപനങ്ങളുടെ തിരിച്ചടവ് ആരംഭിക്കുന്നത് വായ്പ ലഭ്യമായതിന്റെ തൊട്ടടുത്ത വർഷം മുതൽക്കാണ്. നബാർഡിൽ നിന്നും ലഭിക്കുന്ന ഓരോ വായ്പയുടേയും തിരിച്ചടവ് ഓരോ വായ്പയും ലഭിച്ച് രണ്ട് വർഷത്തിനുശേഷം ആരംഭിക്കും. അധിക കേന്ദ്ര സഹായത്തിലുൾപ്പെടുത്തി ലഭിക്കുന്ന എ.ഡി.ബി. വായ്പകളുടെ തിരിച്ചടവും അധിക കേന്ദ്ര സഹായം തിരിച്ചടയ്ക്കുന്ന രീതിയിൽ തന്നെയാണ്.

LIBRARY ARCHIVES Kerala Legislative Assembly